# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 44** 28.06.2016 - ൽ മറുപടിയ്ക്ക്

## നദീസംയോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതൊക്കെ നദികളിലെ ജലമാണ് മറ്റ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാൻ സംസ്ഥാനം കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ; അവയുടെ ഓരോന്നിന്റെയും കരാർ കാലാവധി അവസാനിക്കുന്നത് എപ്പോഴെന്നും കരാർ പ്രകാരം പങ്കുവയ്ക്കപ്പെട്ട ജലത്തിന്റെ അളവ് എത്രയെന്നും വ്യക്തമാക്കാമോ; | (എ) പെരിയാർ, ഭാരതപുഴ, ചാലക്കുടിപുഴ, ശിരുവാണി എന്നീ നദികളിലെ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി ഏർ പ്പെട്ടിട്ടുള്ള കരാറുകൾ.<br><br>1. ഭാരതപുഴ, പെരിയാർ, ചാലക്കുടിപുഴ എന്നീ നദികളിലെ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് 29.05.1970-ൽ കേരളവും തമിഴ്നാടും 09.11.1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് ചുവടെ കൊടുത്തിരിക്കുന്നവിധം നിജപ്പെടുത്തിയിരിക്കുന്നു.<br><br>i. കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം കേരള അതിർത്തിയ്ക്കടുത്തുള്ള മണക്കടവു വിയറിൽ ലഭ്യമാക്കേണ്ടതാണ്.<br>ii. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർഹൗസിൽ നിന്ന് അളന്നു പുറത്തുവിടേണ്ടതാണ്.<br><br>iii. ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16.5 |

ടി.എം.സി. ജലം തമിഴ്നാടിനും അതിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്.

iv. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തിരിച്ചുവിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല.

പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

2. ശിരുവാണി നദിയിലെ ജലം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുൻസിപ്പൽ ടൗണിന്റെ കുടിവെള്ളാവശ്യത്തിനായി ലഭ്യമാക്കുന്നതിനു വേണ്ടി 19.08.1973-ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം 1300 മില്യൺ ക്യൂബിക്ക് ഫീറ്റിൽ കവിയാത്ത ജലം തമിഴ്നാടിന് ഓരോ വർഷവും നൽകുന്നു. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്.

3. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും 1886 ഒക്ടോബർ 29-ന് ഒപ്പുവച്ച പെരിയാർ പാട്ട കരാർ, അനുസരിച്ച് പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടി പൊക്കത്തിലുള്ള കോണ്ടൂർ രേഖയാൽ ചുറ്റപ്പെട്ട പ്രദേശത്തേക്കോ, അതിലൂടെയോ, അതിൽ നിന്നോ ഒഴുകുന്ന ജലം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ നദീ സംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണ്;

(സി) കേരളത്തിലെ പ്രധാന നദികളായ അച്ചൻ കോവിൽ, പമ്പ എന്നിവയെ ഇപ്രകാരം തമിഴ്നാട്ടിലെ നദികളുമായി

(ബി) യും (സി) യും (ഡി) യും

നദീസംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെയാണ് പമ്പ - അച്ചൻ കോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേശീയ ജലവികസന ഏജൻസി പമ്പ - അച്ചൻ കോവിൽ എന്നീ നദികളിൽ നടത്തിയ വാട്ടർ ബാലൻസ് സ്റ്റഡി റിപ്പോർട്ടിന്മേൽ കേരളത്തിന്റെ എതിർപ്പുകൾ പരിഗണിക്കാതെ യാണ് 1995-ൽ പമ്പ - അച്ചൻ കോവിൽ ലിങ്കിന്റെ ഫീസിബിലിറ്റി റിപ്പോർട്ട്

ബന്ധപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രം സ്വീകരിച്ചിട്ടുള്ള നിലപാടുകൾ എന്താണ്;

തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ദേശീയ ജലവികസന സമിതിയുടെ റീസ്ട്രച്ചറിങ്ങുമായി ബന്ധപ്പെട്ട് സ്പെഷ്യൽ കമ്മിറ്റി ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് റിവേഴ്സ് രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ (Under future works of NWDA 2015-19 Intra State Karnataka State) "ബാരാപോൾ അപ്പർ കാവേരി" എന്ന NWDA യുടെ ഒരു പുതിയ നദീസംയോജന പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയെക്കുറിച്ചും കേരളത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം അന്തർ സംസ്ഥാന നദിയായ വളപട്ടണത്തിന്റെ Upper reaches ആയ ബാരാപോളിൽ നിന്നും അപ്പർ കാവേരിയിലേക്ക് ജലം കടത്തി പോകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

മേൽ പദ്ധതികളെല്ലാം കേരളത്തിന് ദോഷകരമായതിനാൽ ഇതു സംബന്ധിച്ച് കേരളത്തിനുള്ള എതിർപ്പുകൾ സാദ്ധ്യമായഎല്ലാ വേദികളിലും പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാർ വിവിധ നദീസംയോജന പദ്ധതികൾ നടത്തുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കേന്ദ്രജലവിഭവ വകുപ്പുമന്ത്രി അദ്ധ്യക്ഷയായ Special Committee on Interlinking of rivers - ഉം, ഈ കമ്മിറ്റിയെ സഹായിക്കുവാനായി 4 സബ് കമ്മിറ്റികളും, Task force on Interlinking of rivers- ഉം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ യോഗങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിനിധികൾ പങ്കെടുക്കുകയും കേരളത്തിന്റെ ശക്തമായ എതിർപ്പുകൾ കാര്യകാരണ സഹിതം രേഖപ്പെടുത്താറുണ്ട്. 22.06.2016- ൽ നടന്ന ദേശീയ ജല വികസന ഏജൻസിയുടെ യോഗത്തിൽ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ ഉന്നയിക്കുകയും സംസ്ഥാനത്തിന്റെ സമ്മതമില്ലാതെ പമ്പാ-അച്ചൻ കോവിൽ - വൈപ്പാർ പദ്ധതിയുമായി മുന്നോട്ടു പോവില്ലെന്ന് ബഹു.കേന്ദ്ര ജലവിഭവ വകുപ്പ മന്ത്രിയിൽ നിന്നും ഉറപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമായിട്ടില്ല.

(ഇ) നിരവധി കുടിവെള്ള വിതരണ പദ്ധതികൾ ഈ രണ്ട് നദികളെ ആശ്രയിച്ച് മാത്രം മുന്നോട്ട് പോകുകയും ഈ നദികളിൽ ഇപ്പോൾത്തന്നെ ആവശ്യത്തിന് വെള്ളം കിട്ടാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ, കേരളത്തിലെ നദികളുടെ മുഴുവൻ

(ഇ) കേരളത്തിലെ നദികളെയും തണ്ണീർത്തടങ്ങളെയും സുസ്ഥിരമായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർ വേഷൻ ആക്ട് - 2003 ഭേദഗതി ചെയ്ത് "സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി" രൂപീകരിക്കുന്നതിന് വേണ്ടിയുള്ള ബിൽ 13-ാം

| | |
|---|---|
| സംരക്ഷണവും ഉദ്ദേശിച്ച് ഒരു പ്രത്യേക റിവർ മാനേജ് മെന്റ് അതോറിറ്റിക്ക് രൂപം കൊടുക്കാനും ഈ അതോറിറ്റിയുടെ അനുമതിയോടെമാത്രം മേലിൽ ജലം പങ്കുവയ്ക്കലുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | കേരള നിയമസഭയുടെ ബിൽ നമ്പർ 184 ആയി വരികയുണ്ടായി. കേരളത്തിലെ ജലവിഭവ മേഖലയുടെ സംരക്ഷണവും ഉപയോഗവും നിയന്ത്രണവും ഉൾ പ്പെടെയുള്ള കാര്യങ്ങൾ ബില്ലിൽ വിഭാവനം ചെയ്തിരുന്നു. പ്രസ്തുത ബിൽ 13 -ാം കേരള നിയമസഭയിൽ നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും നിയമസഭ പിരിച്ചുവിട്ട സാഹചര്യത്തിൽ 196 അനുച്ഛേദം, 5-ാം ഖണ്ഡം പ്രകാരം പ്രസ്തുത ബിൽ ലാപ്സാകുകയാണുണ്ടായത്. അയൽ സംസ്ഥാനങ്ങളുമായി ജലം പങ്കുവയ്ക്കുന്നതു സംബന്ധിച്ച് ഒരു പരാമർശവും ടി ബില്ലിൽ ഇല്ല. എന്നാൽ കേരളത്തിലെ നദികളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ജലം അന്യ സംസ്ഥാനങ്ങൾക്കോ/കേന്ദ്ര ഭരണ പ്രദേശത്തിനോ നൽകണമെങ്കിൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർ വേഷൻ ആക്ട് 2003, ചാപ്റ്റർ VII വകുപ്പ് - 30 പ്രകാരം (Distribution of water to another State or Union Territory) സംസ്ഥാന നിയമസഭയിൽ പ്രമേയം (റെസൊല്യൂഷൻ) പാസ്സാക്കേണ്ടതുണ്ട്. |

സെക്ഷ ൻ ഓഫീസർ

12